(2) നെല്ലായ-കുലുക്കല്ലൂർ ശുദ്ധജലവിതരണ പദ്ധതി.—ഈ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം കിട്ടാനുള്ള കാലതാമസം പദ്ധതിയുടെ പ്രവർത്തനങ്ങളിൽ കാലതാമസം വരുത്തിയിട്ടുണ്ട്.

(3) ഷൊർണ്ണൂർ ശുദ്ധജലവിതരണ പദ്ധതി.—ഈ പദ്ധതി LIC സഹായത്തോടുകൂടിയുള്ളതാണ്. നിർദ്ദിഷ്ട സ്ഥലങ്ങൾ യഥാസമയം കിട്ടാതെ വന്നതുകൊണ്ട് പദ്ധതിയുടെ അടങ്കൽതുക വർദ്ധിക്കുകയും എൽ. ഐ. സി.-യിൽനിന്ന് അധികം തുക ലഭിക്കാതെ വരികയും ചെയ്തു. സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ബാക്കി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

മഴവെള്ളം ശേഖരിക്കുന്നതിന് പദ്ധതി

51 [934] ശ്രീ. ജോണി നെല്ലൂർ:
„ ഉമേഷ് ചള്ളിയിൽ:
„ എ. എൻ. രാജൻബാബു:
„ കെ. കെ. ഷാജു:
„ ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മഴവെള്ളം ശേഖരിക്കുന്നതിനുള്ള പദ്ധതി സന്നദ്ധ സംഘടനകൾവഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

ഉത്തരം

കേരള വാട്ടർ അതോറിറ്റി നടപ്പാക്കിവരുന്ന 'വർഷ' മഴവെള്ളക്കൊയ്ത്തു പദ്ധതിയുടെ പണികൾ സന്നദ്ധ സംഘടനകൾവഴിയാണ് നടപ്പാക്കുന്നത്.

എപ്പിഗ്രാഫി ഇൻസ്റ്റിറ്റ്യൂട്ട്

52 [935] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു വകുപ്പിന്റെ കീഴിൽ എപ്പിഗ്രാഫി പഠിപ്പിക്കുന്നതിനുള്ള ഏതെങ്കിലും ഇൻസ്റ്റിറ്റ്യൂട്ട് നിലവിലുണ്ടോ; എങ്കിൽ എവിടെയാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്ഥാപനത്തിൽ എപ്പിഗ്രാഫി പഠന സംബന്ധമായ എന്തൊക്കെ ജോലികളാണ് നടന്നതെന്ന് വിശദമാക്കുമോ;

(സി) ഇവിടെനിന്നും ഇതേ കാലയളവിൽ എപ്പിഗ്രാഫിയിൽ എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ട്; ഉണ്ടെങ്കിൽ ഇവർ ആരൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ എന്തുകാരണത്താലാണ് പരിശീലനം നൽകാതിരുന്നത് എന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ ഈ സ്ഥാപനത്തിന്റെ മേൽനോട്ടം വഹിക്കുന്നത് ആരെന്നും ഇദ്ദേഹത്തിന് എപ്പിഗ്രാഫി സംബന്ധമായി എന്തൊക്കെ യോഗ്യതകളാണുള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) ഈ സ്ഥാപനം നവീകരിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടുള്ളതെന്നുകൂടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേശവദാസപുരത്ത് പ്രവർത്തിക്കുന്ന ശ്രീ വിശാഖം തിരുനാൾ സ്കൂൾ ഓഫ് എപ്പിഗ്രാഫി. 1980-ൽ സ്ഥാപിതമായ പ്രസ്തുത സ്ഥാപനത്തിൽ ഒരു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ എപ്പിഗ്രാഫി (പാർട്ട് ടൈം) നടത്തുകയും, തുടർന്നുള്ള കാലഘട്ടങ്ങളിൽ പുരാരേഖാ വകുപ്പിലേയും പുരാവസ്തു വകുപ്പിലേയും ജീവനക്കാർക്ക് പരിശീലനം നൽകിവരികയും ചെയ്യുന്നു.

(ബി) കേരളത്തിൽനിന്നും ലഭ്യമായ പ്രാചീന ലിഖിതങ്ങൾ, ശിലാശാസനങ്ങളും താമ്രശാസനങ്ങളും, ചരിത്രപരവും സാമൂഹ്യപരവുമായ താളിയോലകളും ക്രോഡീകരിച്ചു കൊണ്ടുള്ള കേരളാ എപ്പിഗ്രാഫിക്കൽ സീരിസിന്റെ നിർമ്മാണത്തിനുവേണ്ട പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) സംസ്ഥാന പുരാരേഖാ വകുപ്പിലെ താഴെ ചേർക്കുന്ന ആറ് എൽ. ഡി. ക്ലാർക്കുമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്:

(1) മിനിപോൾ — റീജിയണൽ ആർക്കൈവ്സ്, എറണാകുളം

(2) ബി. എസ്. വിനോദ് — സെൻട്രൽ ആർക്കൈവ്സ്, തിരുവനന്തപുരം

(3) റ്റി. എ. ജോൺ — ആർക്കൈവ്സ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

(4) എസ്. ബിജുകുമാർ — ആർക്കൈവ്സ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

(5) ബിജുകുമാർ ആർ. — സ്റ്റേറ്റ് ആർക്കൈവ്സ്, തിരുവനന്തപുരം

(6) ബിന്ദു ആർ. ആർ. — സെൻട്രൽ ആർക്കൈവ്സ്, തിരുവനന്തപുരം

(ഡി) പുരാവസ്തു വകുപ്പിലെ എപ്പിഗ്രാഫിസ്റ്റായ ശ്രീ. ജി. രാമചന്ദ്രൻ ആണ് ശ്രീ വിശാഖം തിരുനാൾ സ്ക്കൂൾ ഓഫ് എപ്പിഗ്രാഫിയുടെ മേൽനോട്ടം വഹിക്കുന്നത്. ഇദ്ദേഹം ഡിപ്ലോമ സർട്ടിഫിക്കറ്റ് ഇൻ എപ്പിഗ്രാഫി പരീക്ഷ പാസ്സായിട്ടുണ്ട്.

(ഇ) പ്രത്യേക പദ്ധതികളൊന്നും ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly